# ലൈംഗിക പഠന ഗ്രന്ഥങ്ങൾ മലയാളസാഹിത്യത്തിൽ അശ്ലീലത്തിന് പുതിയ മുഖം

ഡോ. സന്തോഷ് മോഹൻ

മലയാള സാഹിത്യരംഗത്ത് പുത്തൻപ്രവണതയ്ക്ക് കളമൊരുക്കി മലയാളവാരികകളെ കുടുംബങ്ങളിലെ അവിഭാജ്യഘടകമാക്കി മാറ്റിയ പൈങ്കിളിസാഹിത്യം ഇന്ന് ചാനൽ യുദ്ധത്തിന് കളമൊഴിഞ്ഞു വിടചൊല്ലിയപ്പോൾ പൈങ്കിളിസാഹിത്യകാരൻമാരെന്ന് വിളിപ്പേർ ചാർത്തപ്പെട്ടവർ മെഗാ-സീരിയലുകളുടെ സൃഷ്ടാക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. 'പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ' എന്ന ചൊല്ല് അർത്ഥവത്താക്കുന്ന ഈ പുത്തൻതരംഗത്തിൽ കുടുംബങ്ങൾ ചാനലുകളുടെ പരസ്യപ്രളയത്തിനും അവയ്ക്കിടയിൽ രണ്ടോ മൂന്നോ സീനിൽ മാത്രമൊതുങ്ങുന്ന അരമണിക്കൂർ സീരിയലിനും മുന്നിൽ തളച്ചിടപ്പെട്ടിരിക്കുന്നു.




മലയാളസിനിമാരംഗം നഷ്ടത്തിന്റെ കണക്കുകളിലേയ്ക്കുമാത്രം സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ നിലനില്പു തന്നെയില്ലാതാകുന്നവർ സീരിയൽ രംഗത്തേയ്ക്കും പിന്നെ നീലചിത്രനിർമ്മാണത്തിലേയ്ക്കും വഴിമാറുന്ന കാഴ്ചയാണ് 2000-ാം മാണ്ട് കാണിച്ചുതരുന്നത്. പുതുനൂറ്റാണ്ടിലെ സിനിമാനിർമ്മാണ പ്രതിസന്ധിക്കിടയിൽ പുറത്തിറങ്ങിയ ചിത്രങ്ങളിൽ 95 ശതമാനവും നഷ്ടത്തിന്റെ കഥ പറഞ്ഞപ്പോൾ ഒരു സൂപ്പർസ്റ്റാർ ചിത്രം കളക്ഷനിൽ സർവ്വകാല റെക്കോർഡുകളും ഭേദിച്ചുമുന്നേറുന്ന കാഴ്ചയും നാം കണ്ടുകഴിഞ്ഞു. അതോടൊപ്പം പുറത്തിറങ്ങിയ അതേ നടന്റെ തന്നെ കലാമൂല്യമേറിയതും വിദേശമേളകളിൽ ഒട്ടേറെ പുരസ്കാരങ്ങൾ നേടിക്കൊണ്ടിരിക്കുന്നതുമായ ചിത്രം സാമ്പത്തികനഷ്ടമാണ് വരുത്തിവെച്ചത്. ആ സൂപ്പർസ്റ്റാർ ഹിറ്റിനുശേഷം കുടുംബസദസ്സുകളെ ആകർഷിച്ച് തീയറ്റർ നിറയ്ക്കാൻ ഒക്ടോബർ വരെ കാത്തിരിക്കേണ്ടിവന്നുവെന്നത് മറ്റൊരു സത്യം മാത്രം. അതിന് മറ്റൊരു മെഗാസ്റ്റാറിന്റേയും സൂപ്പർ സംവിധായകന്റേയും സാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നതും മറക്കാതിരിക്കേണ്ട.

ഈ വർഷത്തെ ആദ്യ 10 മാസങ്ങൾക്കിടയിൽ ഇവകൂടാതെ 3-4 ചിത്രങ്ങളെ സാമ്പത്തികമായി നഷ്ടത്തിലാവാതെ പോയുള്ളൂ. എന്നാൽ ഒരു നീലച്ചിത്രം ഇതിനിടയിൽ ഒന്നേകാൽ കോടിയിലേറെ കളക്ഷനുണ്ടാക്കിയെന്നു പറയുമ്പോൾ, അതിനു ചുവടുപിടിച്ചിറങ്ങിയ പല നീലച്ചിത്രങ്ങളും നിരസിക്കപ്പെട്ടുവെന്നതും മാറ്റങ്ങളാണ് കാണിക്കുന്നത്.

ദൃശ്യമാധ്യമലോകത്തിന്റെ ചുവടുപിടിച്ച് മലയാളസാഹിത്യത്തിൽ പുതിയൊരു പ്രവണത ഉടലെടുക്കുന്നത് കണ്ടില്ലെന്നു നടിക്കാനാവില്ല.

(ശേഷം 5-ാം പേജിൽ)

# അശ്ലീലത്തിന് പുതിയ മുഖം

(1-ാം പേജ് തുടർച്ച)

ബുക്ക്സ്റ്റാൻറുകളിൽ മറച്ചുവെച്ചു മാത്രം വില്പന നടത്തിയിരുന്ന നീലപുസ്തകങ്ങൾക്ക് പുതിയ ആമുഖം നൽകുകയാണിന്ന് ഇന്ത്യയിലെ തന്നെ പ്രശസ്തരായ ചില പുസ്തകപ്രസാധകർ. അശ്ലീലത്തിൻെറ അതിപ്രസരമെന്ന പേരിൽ പണ്ട് ചില സാഹിത്യകാരന്മാരെ (ഉദാ. ...മൻ, ആർ. പി. മേനോൻ) പൂർണ്ണമായും തഴഞ്ഞു കളഞ്ഞപ്പോൾ ഒരു ചെറിയവിഭാഗം ആളുകളെങ്കിലും അവരുടെ കൃതികളുടെ പിന്നാലെ ഓടാതിരുന്നില്ല. ഈ ചെറിയ വിഭാഗം ആളുകളുടെ തോളുയർത്താം പുതിയ ടെൻഡിൽ ഒന്നാംസ്ഥാനത്തെത്താനുള്ള മത്സരത്തിനിടയിൽ 'ലൈംഗികശാസ്ത്രപഠനഗ്രന്ഥ'ങ്ങളെന്നപേരിൽ പെൻബുക്ക് ൾപ്പെടെയുള്ളവർ പടച്ചുവിടുന്ന അശ്ലീലസാഹിത്യത്തിനെതിരെ മൗനം പാലിക്കുന്നത് മലയാളികളുടെ ലൈംഗികതൃഷ്ണയെ ഉത്തേജിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം പുസ്തകങ്ങളിൽ സാധാരണക്കാരനു മനസ്സിലാകത്തക്കവിധത്തിൽ കഥാതന്തുക്കളായി ചിത്രീകരിച്ചിരിക്കുന്നുവെന്ന പറയുന്നത് പഠനമല്ല, 100 ശതമാനം അശ്ലീലസാഹിത്യം തന്നെയാണ്. പേരിൽ മാത്രമാണിതിൽ പലതിലും ശാസ്ത്രപഠനഗ്രന്ഥമെന്ന് കാണാൻ കഴിയുന്നതും ഇത്തരം പുസ്തകങ്ങളിൽ പലതിലും എഴുതിയവരുടെ പേരില്ലായെന്നതും ശ്രദ്ധേയമാണ്.

ആലുവായിലെ പെൻബുക്ക് മലയാളഭാഷയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഖുഷ്വന്ത്സിംഗിൻെറ "സഖിമാരും ഞാനും" 5000 ത്തിലേറെ കോപ്പികൾ പോസ്റ്റലായി വിറ്റപ്പോൾ "മോണിക്കാ ലെവിൻസ്കിയുടെ വെളിപ്പെടുത്തലുകൾ" രണ്ടാഴ്ച കൊണ്ടു മാത്രം പതിനായിരത്തിലേറെ കോപ്പികൾ വിറ്റഴിഞ്ഞു. ഇവർ ലൈംഗികശാസ്ത്രപഠനഗ്രന്ഥമെന്ന പേരിൽ പുറത്തിറക്കിയ "രതിസുഖസാരേ"യെന്ന പുസ്തകം പോസ്റ്റലായി മാത്രമേ ലഭ്യമാകുവെന്ന ആദ്യ പരസ്യത്തിൽ തന്നെ ആവശ്യക്കാരേറെയായിരുന്നു. ആവശ്യക്കാരന് 18 വയസ്സ് തികഞ്ഞിരിക്കുന്നുവെന്ന സത്യപ്രസ്താവനയിലൂടെയിവർ മറ്റൊരു പരസ്യതന്ത്രം പയറ്റുകയായിരുന്നില്ലേയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. 'രതിസുഖസാരേ' യെന്ന പുസ്തകത്തിൻെറ പരസ്യബുക്ക്ലെറ്റിൽ തന്നെ ഒളിഞ്ഞിരിക്കുന്ന സഭ്യേതരമല്ലാത്ത കഥകളുടെ ആവർത്തനം തന്നെയല്ലേ ആ ഗ്രന്ഥം എന്നും കരുതാതിരിക്കാനാവില്ല.

കോഴിക്കോട്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന മൾബെറി ബുക്സ് മലയാളസാഹിത്യരംഗത്ത് നേടിയ പ്രശസ്തി കളയാതിരിക്കാനാവാം 'പാരഡൈസ് ബുക്ക്സ്' എന്ന പേരിൽ പ്രായപൂർത്തിയായവർക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നത്. ഇത്തരം ഇറോട്ടിക്ക് ക്ലാസ്സിക്കുകളിൽ തർജ്ജമയുൾപ്പെടെ പല അശ്ലീലഗ്രന്ഥങ്ങളുമിപ്പോൾ ലഭ്യമാണ്. 'രതിയും താന്ത്രികയോഗവിദ്യ'യും മുതൽ 'അറേബ്യൻ പ്രണയശാസ്ത്ര'വും 'വിശ്വപ്രസിദ്ധ കാമുകിമാരുടെ വികാരസ്മരണ'കളും 'ഒരു ഡോക്ടറുടെ കമ്പസാരക്കുറിപ്പ്'കളും എല്ലാം ഉൾപ്പെടുന്നു.

എറണാകുളത്തെ സി.ഐ.സി.സി. ബുക്ക്സിൻെറ 'ലോലിതയ്ക്കും' ആവശ്യക്കാരേറെയാണ്.

ആലുവയിൽ സൺബുക്സ്, സൂര്യബുക്സ് എന്ന പേരിൽ കർണ്ണാടകത്തിൽ നിന്നും പുറത്തിറക്കിയ രതികല്പനകൾ സ്വപ്നങ്ങൾ, ബീച്ച്ഗേൾ - ഇവയൊക്കെ ബെസ്റ്റ് സെല്ലറുകളിൽ പെടുന്നു. കോട്ടയത്തെ ഡി. സി. ബുക്സിൻെറ കാമസൂത്രയുടെ പുതിയ പതിപ്പിനും ആവശ്യക്കാരേറെയാണ്. കോഴിക്കോട്ടെ മനോലോകം ഗ്രൂപ്പിൻെറ ഹണിമൂൺ ഗൈഡിനും ആവശ്യക്കാരുണ്ട്. മുമ്പ് പ്രശസ്തരായ മനശ്ശാസ്ത്രജ്ഞന്മാരുടെ അനുഭവകഥകൾ കുറിപ്പുകളായി വന്നപ്പോൾ പഠനമെന്ന പേരിൽ അവയ്ക്കു നിലനിൽപ്പുണ്ടായിരുന്നു. സമാന അനുഭവങ്ങളുള്ളവർക്കതൊരു പഠനമായി ഉപകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇന്നത്തെ ഹൈടെക് സമൂഹത്തിൽ എം.ടി.വിയും മറ്റു മ്യൂസിക് ചാനലുകളും വിദേശചാനലുകളും മലയാളികളുടെ മനസ്സിൽ കുത്തിയിറക്കുന്ന വിഷബീജങ്ങളുടെയൊപ്പം ഒരു ചെറിയ കണികയേ ഈ സാഹിത്യശാഖയ്ക്കു നൽകാൻ കഴിഞ്ഞേക്കുള്ളൂ. എങ്കിലും വളർന്നുപന്തലിക്കാൻ ശ്രമിക്കുന്ന മലയാളസാഹിത്യത്തിലെ ലൈംഗികപഠനഗ്രന്ഥങ്ങളെന്ന പേരിൽ 100 ശതമാനം അശ്ലീലം മാത്രം നിറച്ച് 'പഠനം' എന്ന ലേബലിൻെറ അർത്ഥമില്ലാതാക്കുന്ന പുത്തൻപ്രവണതയ്ക്ക് തടയിട്ടേ മതിയാവൂ. അല്ലെങ്കിൽ വരുംതലമുറയുടെ തൃഷ്ണകളിൽ മനുഷ്യത്വത്തിൻെറ കണികകൂടിയില്ലാതാക്കാനേ അവയ്ക്കു കഴിയും. പുത്തൻപ്രസാധകർ ഈ കാര്യം ശ്രദ്ധിച്ചേ മതിയാവൂ.

പെൻബുക്സും മൾബെറി ബുക്സുമൊക്കെ തങ്ങൾ നേടിയെടുത്ത പവിത്രതയുടെ തേൻകണങ്ങൾ ഇല്ലാതാക്കി വരുംതലമുറയ്ക്കുമുമ്പിൽ അശ്ലീലസാഹിത്യപ്രസാധകർ എന്ന പേരു നേടിയെടുക്കാനേ ഈ പ്രവണത വഴിതെളിക്കൂ എന്നതും മറക്കേണ്ട.